**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നം. 1909** — **08.12.2014 - ലെ മറുപടിക്ക്**

**മിഷൻ 676 - ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണത്തിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>" ഐ. സി. ബാലകൃഷ്ണൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" വി. ഡി. സതീശൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്ത് ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ ഇത് വരെ തയ്യാറാക്കിയിട്ടില്ല. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) (സി) | ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണം വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വളരെ വേഗം ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യം. താഴെത്തലത്തിൽ തന്നെ തീരുമാനമെടുക്കുന്നതിന് സാധിക്കുന്നതിനാൽ ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാവും. വിവിധ തലങ്ങളിലെ ഭരണ - സാമ്പത്തിക അധികാരങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത ഉണ്ടാക്കും. ഇത് സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുന്നതിന് സഹായകരമാകും. |
| (സി) | സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ